**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4052** **09-08-2021 - ൽ മറുപടിയ്ക്ക്**

**പിട്ടുപീടിക-മാങ്ങോട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നബാർഡിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുന്ന പിട്ടുപീടിക-മാങ്ങോട് റോഡിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ; | (എ) | Improvements to Pittupeedika – Mylar Road – Mangode road km 0/000 to 4/300 of Nenmara LAC in Palakkad District എന്ന പ്രവൃത്തിക്ക് 22/09/2020 ന് കരാറിലേർപ്പെടുകയും 29/09/2020 ന് സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് ലോക്ക്ഡൗൺ മൂലം മെറ്റീരിയൽസിന്റെയും, തൊഴിലാളികളുടെയും ലഭ്യതക്കുറവും കാരണം പ്രവൃത്തി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ കോൺക്രീറ്റ് വർക്കുകൾ (Retaining wall/Side Protection, Culverts etc.) പുരോഗമിച്ചുവരുന്നുണ്ട്. ഇതിൽ 400 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയിൽ 4 കൾവർട്ടുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ഇതിൽ 2 കൾവർട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റുള്ളവ പുരോഗമിച്ച് വരുകയുമാണ്. മഴക്കാലത്തിനു ശേഷം പ്രസ്തുത പ്രവൃത്തിയുടെ ബി.എം. & ബി.സി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കലാവധി 30/08/2021 വരെ നീട്ടി നൽകുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മഴക്കാലത്തിന് ശേഷം മാത്രമേ ടി പ്രവൃത്തിയുടെ ബി.എം & ബി.സി പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 2022 മാർച്ച് മാസത്തോട് കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ